'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - 2018-ലെ പ്രളയത്തിൽ തകർന്ന തളിപ്പറമ്പ് താലൂക്കാശുപത്രിയിലെ കാലപ്പഴക്കം ചെന്ന സെപ് റ്റിക് ടാങ്ക് അറ്റകുറ്റപ്പണി നടത്തിയതുമായി ബന്ധപ്പെട്ട് കരാറുകാരന് തുക വാല്യുവേഷൻ നടത്തി നൽകുന്നതിന് തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.2694/2019/LSGD തീയതി,തിരുവനന്തപുരം, 28/11/2019

---

പരാമർശം:- 1 തളിപ്പറമ്പ് നഗരസഭയുടെ 27.03.2019- ലെ 16/16 നമ്പർ കൗൺസിൽ തീരുമാനം

2 കണ്ണൂർ ജില്ലാ പ്ലാനിങ് ഓഫീസറുടെ 18.06..2019-ലെ കത്ത് (SRG 541/2019-CC 344/2019)

3 24.10.2019-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 2.2(4.37)

<u>ഉത്തരവ്</u>

തളിപ്പറമ്പ് താലൂക്കാശുപത്രിയിലെ കാലപ്പഴക്കം ചെന്ന സെപ് റ്റിക് ടാങ്ക് 2018-ലെ പ്രളയത്തിൽ തകർന്നിരുന്നു. അടിയന്തിര സ്വഭാവമുള്ളതിനാൽ പ്രസ്തുത ടാങ്ക് ശരിയാക്കുന്നതിന് ടെണ്ടർ നടപടികൾ കൂടാതെ സ്പോൺസറെ കണ്ടെത്തുകയും കരാറുകാരനായ ശ്രീ സന്തോഷ്കുമാർ മുഖേന പ്രവൃത്തി നടത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ സ്പോൺസറായ ABC ഗ്രൂപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നേരിട്ട് പണം നൽകിയതിനാൽ സ്പോൺസർഷിപ്പിൽ നിന്നും പിന്മാറുകയുണ്ടായി. ഈ സാഹചര്യത്തിൽ വാല്യുവേഷൻ നടത്തി കരാറുകാരന് തുക നൽകുന്നതിന് തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്ക് അനുമതി നൽകുന്നതിന് 24.10.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018-ലെ പ്രളയത്തിൽ തകർന്ന തളിപ്പറമ്പ് താലൂക്കാശുപത്രിയിലെ കാലപ്പഴക്കം ചെന്ന സെപ് റ്റിക് ടാങ്ക് അറ്റകുറ്റപ്പണി നടത്തിയതുമായി ബന്ധപ്പെട്ട തുക വാല്യുവേഷൻ നടത്തി കരാറുകാരന് നൽകുന്നതിന് തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്ക് പരാമർശം (3)ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച തുക ആവശ്യമെങ്കിൽ ശുചിത്വ മിഷനിൽ നിന്നും നൽകാമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സാധ്യതയും മുനിസിപ്പാലിറ്റിയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പകർപ്പ്:

ചെയർപേഴ്സൺ / സെക്രട്ടറി, തളിപ്പറമ്പ് മുനിസിപ്പാലിറ്റി
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((A&E/ G&SSA/E& RSA)) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.11.29 [illegible]:39:48 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്